**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1695** **04-02-2026 - ൽ മറുപടിയ്ക്ക്**

**കിഴങ്ങുവർഗ വിളകളുടെ വില സ്ഥിരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കിഴങ്ങുവർഗ വിളകൾക്ക് മെച്ചപ്പെട്ട വില ലഭിക്കാത്തതിനാൽ പ്രസ്തുത വിളകൾ കൃഷി ചെയ്ത കർഷകർ വലിയ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | വേനൽക്കാലം, വിളവെടുപ്പ് കാലം, ഉത്സവകാലം തുടങ്ങിയ ഘട്ടങ്ങൾക്ക് അനുസരിച്ച് കിഴങ്ങ് വർഗ്ഗ വിളകളുടെ വിപണി വിലയിൽ വ്യതിയാനം കണ്ടുവരുന്നുണ്ട്. വിളവെടുപ്പ് കാലത്തും മഴക്കാല മാസങ്ങളിലും ഉള്ള ലഭ്യത വർദ്ധനവിനെ തുടർന്ന് ചില ഘട്ടങ്ങളിൽ വിലയിൽ ഇടിവ് അനുഭവപ്പെടുന്നുണ്ടെങ്കിലും, കഴിഞ്ഞ വർഷങ്ങളിലെ വിലനിലകളുമായി താരതമ്യം ചെയ്യുമ്പോൾ ഓരോ വർഷവും, ഉത്സവ സീസണിലും, അനുബന്ധ മാസങ്ങളിലും കിഴങ്ങുവർഗ്ഗ വിളകൾക്ക് വിപണിയിൽ ലഭിക്കുന്ന വില പൊതുവേ ഉയർന്ന നിലയിൽ തുടരുന്നതായാണ് വിപണി വില ഡാറ്റയുടെ വിശകലനത്തിൽ നിന്ന് വ്യക്തമായിരിക്കുന്നത്.<br><br>ഫെബ്രുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ വേനൽക്കാലത്തെ വർദ്ധിച്ച ആവശ്യകതയും വിപണിയിലെ ലഭ്യതയിലെ നിയന്ത്രണവും കാരണം സംസ്ഥാനത്തെ പല ജില്ലകളിലും കിഴങ്ങ് വർഗ്ഗ വിളകളുടെ വിലയിൽ വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്. ജൂൺ - ജൂലൈ മാസങ്ങളിൽ മഴക്കാലത്തെ തുടർന്ന് വിളകളുടെ ലഭ്യത വർദ്ധിക്കുന്നതിനാൽ മിക്ക ജില്ലകളിലും വിലയിൽ ഇടിവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ ലഭ്യതയും, ആവശ്യകതയും ഏകദേശം സമതുലിതമായ നിലയിൽ തുടരുന്നതിനാൽ വിപണിയിൽ വില സ്ഥിരത കൈവരിക്കുന്ന പ്രവണതയാണ് കാണപ്പെടുന്നത്. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള ഉത്സവകാലത്ത് ഉപഭോക്തൃ ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് കിഴങ്ങുവർഗ്ഗ വിളകളുടെ വിലയിൽ വീണ്ടും വർദ്ധന രേഖപ്പെടുത്തുന്നു. ജനുവരി മാസത്തിൽ ഉത്സവകാലാനന്തരമായി വിപണി സമതുലിതാവസ്ഥയിൽ എത്തുന്നതോടെ ഭൂരിഭാഗം ജില്ലകളിലും വില പൊതുവേ സ്ഥിരത |

| | | | |
|---|---|---|---|
| | | | പുലർത്തുന്നതായാണ് ഡാറ്റ വിശകലനത്തിൽ നിന്നും വ്യക്തമാകുന്നത്. |
| (ബി) | കിഴങ്ങുവർഗ വിളകളുടെ വില സ്ഥിരത ഉറപ്പാക്കുന്നതിനും കർഷകർ ഉത്പാദിപ്പിക്കുന്ന ഇത്തരം വിളകൾ സംഭരിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കാർഷിക ഉത്പന്നങ്ങളുടെ വില സ്ഥിരത ഉറപ്പാക്കുന്നതിനും, കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുന്നതിനുമായി കേരള സർക്കാർ പതിനാറിനം പഴം-പച്ചക്കറി വിളകൾക്ക് അടിസ്ഥാനവില (Base price) പ്രഖ്യാപിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ ഈ പദ്ധതിയിൽ മരച്ചീനി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ചേന കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. മരച്ചീനി പോലുള്ള ഉൽപ്പന്നങ്ങൾക്ക് മുൻകാലങ്ങളിൽ വിപണിയിൽ ഗണ്യമായ വില ഇടിവ് രേഖപ്പെടുത്തിയ ഘട്ടങ്ങളിൽ കർഷകരുടെ വരുമാനം സംരക്ഷിക്കുന്നതിനായി ഹോർട്ടികോർപ്പ് മുഖേന നേരിട്ടുള്ള സംഭരണം ഉൾപ്പെടെയുള്ള വിപണന ഇടപെടലുകൾ നടത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ